സ്വകാര്യവ്യക്തികൾക്ക് പതിച്ചുകൊടുത്ത സർക്കാർ ഭൂമി

668. [898] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് 30-9-1986 വരെ സ്വകാര്യവ്യക്തികൾക്ക് സർക്കാർ ഭൂമി പതിച്ചു കൊടുത്തതിൻെറ ജില്ല തിരിച്ചുള്ള കണക്കും കിട്ടിയ വ്യക്തികളുടെ വിലാസവും പറയാമോ ;

(ബി) ഈ ഇനത്തിൽ വിലയായി എത്ര സംഖ്യ കിട്ടി ?

ഉത്തരം

(എ) 1-5-1982 മുതൽ 30-9-1986 വരെ 9,933 ഏക്കർ മിച്ചഭൂമി 34,080 പേർക്ക് പതിച്ചുകൊടുത്തിട്ടുണ്ട്. മറ്റു സർക്കാർ ഭൂമികളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. മിച്ചഭൂമി വിതരണം സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. പതിച്ചുകിട്ടിയ എല്ലാ വ്യക്തികളുടേയും വിലാസം ലഭ്യമല്ല.

	ഏക്കർ
തിരുവനന്തപുരം	95
കൊല്ലം	195
പത്തനംതിട്ട	21
ആലപ്പുഴ	363
കോട്ടയം	372
ഇടുക്കി	2,454
എറണാകുളം	75
തൃശ്ശൂർ	476
പാലക്കാട്	1,936
മലപ്പുറം	1,242
കോഴിക്കോട്	329
വയനാട്	649
കണ്ണൂർ	1,330
കാസറഗോഡ്	396
ആകെ	9,933

(ബി) വിവരം ശേഖരിച്ചു വരുന്നു.

സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയുടെ ധനസഹായത്തിനുവേണ്ടി അപേക്ഷിച്ചവർ.

669. [922] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിൻെറ സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതി ആരംഭിച്ചതുമുതൽ 1986 സെപ്റ്റംബർ 30 വരെ പ്രസ്തുത സഹായം ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിരുന്നു ;

(ബി) ഓരോ വർഷവും ലഭിച്ച അപേക്ഷകളെത്രയാണെന്നും അതിൽ എത്രപേർക്ക് സഹായം ലഭ്യമായി എന്നും വ്യക്തമാക്കുമോ ;

(സി) ജില്ലാ വ്യവസായ കേന്ദ്രങ്ങളും ബാങ്കുകളും എത്ര പേർക്ക് പണം നൽകി ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) ആകെ 1,88,684 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി)

വർഷം	ലഭിച്ച അപേക്ഷകളുടെ എണ്ണം	വായ്പ അനുവദിച്ചത്
1983—84	67,261	12091
1984—85	53,278	12221
1985—86	48,145	12033
	1,68,684	36345

(സി) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ബാങ്കുകൾക്ക് 33,304 അപേക്ഷകൾ ശുപാർശ ചെയ്തു. ഇതെവരെ 29400 പേർക്ക് ബാങ്കുകൾ വായ്പ നൽകിക്കഴിഞ്ഞു. ബാക്കിയുള്ളവർക്കും നൽകിക്കൊണ്ടിരിക്കുന്നു.

സ്വയം തൊഴിൽ കണ്ടെത്തുവാനുള്ള വായ്പ

670. [923] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, വി. കേശവൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, കെ. പുരുഷോത്തമൻ :
,, വി. കെ അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സ്വയം തൊഴിൽ കണ്ടെത്തുവാൻ അപേക്ഷിച്ചിട്ടുള്ളവർക്ക് ബാങ്ക് നിർദ്ദേശിക്കുന്ന ജാമ്യം നൽകാൻ കഴിയാത്തതുകൊണ്ട് വായ്പ ലഭിക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) സ്വയംതൊഴിൽ കണ്ടെത്തുന്നതിന് 1982 മേയ് മുതൽ 1986 സെപ്റ്റംബർ 30 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് ഈ കാലയളവിൽ സ്വയം തൊഴിൽ പദ്ധതിയനുസരിച്ച് വായ്പ നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ പദ്ധതി ആരംഭിച്ചത് 1983 ആഗസ്റ്റ് മാസത്തിലാണ്. പദ്ധതിയുടെ ആരംഭം മുതൽ 1986 സെപ്റ്റംബർ 30 വരെ ആകെ 1,88,491 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) 36,345 പേർക്ക് വായ്പ അനുവദിച്ചതിൽ ഇതുവരെ 26,400 പേർക്ക് വായ്പ വിതരണം ചെയ്തിട്ടുണ്ട്.

ക്രെഡിറ്റ് സെയിൽസ് വകയിൽ ഹാൻറക്സിനും ഹാൻവീവിനും കൊടുക്കാനുള്ള തുക

671. [935] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

ഹാൻറക്സിനും ഹാൻവീവിനും ക്രെഡിറ്റ് സെയിൽസ് വകയിൽ സർക്കാരിൽ നിന്നും കൊടുത്തു തീർക്കുവാനുള്ള തുക എത്രയെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly